CHRONICLES
LITTLE KITES E PAPER - GHSS MUNDERI
2025 AUGUST EDITION
GOVT.HSS MUNDERI
little KITEs

## ഓഗസ്റ്റ് 1 - സ്കാർഫ് ഡേ

ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ മുണ്ടേരി സ്കൗട്ട് ആൻഡ് ഗൈഡ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ സ്കാർഫ് ഡേ ആചരിച്ചു.



## ഓഗസ്റ്റ് 2 - എസ് പി സി ഡേ










എസ് പി സി പതിനഞ്ചാം വാർഷികത്തോടനുബന്ധിച്ച് ജി എച്ച് എസ് എസ് മുണ്ടേരി എസ് പി സി യൂണിറ്റ് കെ എൻ സി 648 വിവിധ പരിപാടികൾ സംഘടിപ്പിച്ചു. എസ് പി സി 10 ഡിക്ലറേഷൻസ് 10 ഗ്രൂപ്പുകളായി കേഡറ്റുകൾ അവതരിപ്പിച്ചു. എസ് പി സി ഡേ ഫ്ലാഗ് സ്കൂൾ ഹെഡ്മിസ്ട്രസ് റംലത്ത് ബീവി ടീച്ചർ ഉയർത്തി, തുടർന്ന് എസ് പി സിയുടെ പ്രാധാന്യത്തെക്കുറിച്ച് ടീച്ചർ സ്പെഷ്യൽ അസംബ്ലിയിൽ കേഡറ്റുകളോട് സംസാരിച്ചു. എസ് പി സി ഗീതം കേഡറ്റുകൾ ആലപിച്ചു. വയനാട് ആദിവാസി മേഖലകളിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകുന്നതിന്റെ ഭാഗമായി നമ്മുടെ യൂണിറ്റ് നൽകുന്ന പഠനോപകരണങ്ങൾ ഹെഡ്മിസ്ട്രസിന് കൈമാറി. ഡി ഐ റാഷിദ് സർ, സിപിഓമാരായ ജഗന്നാഥ് എം പി, ഡോ. നിഷ പി വി എന്നിവർ നേതൃത്വം നൽകി. സീനിയർ കേഡറ്റുകൾ കളക്ട് ചെയ്ത രക്തദാന സമ്മതപത്രം കണ്ണൂർ സിറ്റി എസ് പി സി ഓഫീസിൽ ഏൽപ്പിച്ചു. കണ്ണൂരിൽ വച്ച് നടന്ന ജില്ലാതല എസ് പി സി ദിനാഘോഷങ്ങളിൽ സീനിയർ കേഡറ്റുകളായ സാൻവി സനോജ്, ദേവ്നാ രതീഷ്, ആദിനാഥ് സുമേഷ്, യജുർ കെ രഞ്ജിത്ത് എന്നിവർ പങ്കെടുത്തു.

# കിഫ്ബി ബ്ലോക്ക് ഉദ്ഘാടനം
## സംഘാടക സമിതി യോഗം

കേരളത്തിന്റെ പ്രിയപ്പെട്ട വിദ്യാഭ്യാസ മന്ത്രി ശ്രീ. വി ശിവൻകുട്ടി ആദ്യമായി മുണ്ടേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ മുദ്ര പദ്ധതി നേരിട്ട് സന്ദർശിക്കുന്നു. ഒപ്പം കിഫ്ബി ബ്ലോക്ക് കെട്ടിടവും എം എൽ എ ഫണ്ടിലൂടെയുള്ള കിച്ചൻ ബ്ലോക്ക് നിർമ്മാണ പ്രവൃത്തിയും ഉദ്ഘാടനം ചെയ്യുന്നു. ഇതിന്റെ ഭാഗമായുള്ള സംഘാടക സമിതി രൂപീകരണ യോഗം 04/08/2025 തിങ്കളാഴ്ച സ്കൂളിൽ മുദ്ര വീഡിയോ കോൺഫറൻസ് ഹാളിൽ ചേർന്നു. പി ടി എ അംഗങ്ങൾ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, മുദ്ര കമ്മിറ്റി അംഗങ്ങൾ പങ്കെടുത്തു.




# ഹിരോഷിമ നാഗസാക്കി ദിനം

ഹിരോഷിമ നാഗസാക്കി ദിനത്തോടനുബന്ധിച്ച് സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ യുദ്ധവിരുദ്ധ സന്ദേശം നൽകിക്കൊണ്ടുള്ള വീഡിയോ ചിത്രീകരിച്ചു പ്രദർശിപ്പിച്ചു. സ്കൂൾ ജെ ആർ സി, എസ് പി സി കേഡറ്റുകൾ സമാധാനത്തിന്റെ സന്ദേശവുമായി ശാന്തിദീപം തെളിയിച്ചു. എസ് പി സി യുടെ നേതൃത്വത്തിൽ പോസ്റ്റർ പ്രദർശനവും നടന്നു.









## പൊതുവിദ്യാഭ്യാസ വകുപ്പ്
## മുദ്ര വിദ്യാഭ്യാസ പദ്ധതി

# കിഫ്ബി ബ്ലോക്ക് ഉദ്ഘാടനം

മുണ്ടേരി ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് കിഫ്ബി ഫണ്ടിൽ നിന്ന് 3.30 കോടി ഉപയോഗിച്ച് നിർമ്മിച്ച കെട്ടിട സമുച്ചയം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. ബഹുമാനപ്പെട്ട പുരാവസ്തു, പുരരേഖ വകുപ്പ് മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷനായി. മുദ്ര വിദ്യാഭ്യാസ സമിതി ചെയർമാൻ ശ്രീ. കെ കെ രാഗേഷ് മുഖ്യപ്രഭാഷണം നടത്തി. മുദ്ര ജനറൽ കൺവീനർ ശ്രീ. പി പി ബാബു റിപ്പോർട്ട് അവതരിപ്പിച്ചു. ജനപ്രതിനിധികൾ സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക രംഗത്തെ പ്രമുഖർ തുടങ്ങിയവർ പങ്കെടുത്തു. മുണ്ടേരി ഗവ. ഹയർ സെക്കണ്ടറി സ്കൂളിന്റെ സമഗ്ര വികസനത്തിനായി നടപ്പാക്കിയ മുദ്ര പദ്ധതി കേരളത്തിലെ മറ്റു വിദ്യാലയങ്ങൾക്കും വഴികാട്ടിയാകുമെന്ന് വിദ്യാഭ്യാസ മന്ത്രി ശ്രീ. വി ശിവൻകുട്ടി പറഞ്ഞു.





# മുദ്രാ കിരണം സിവിൽ സർവീസ് പരിശീലന പരിപാടി
# "മക്കൾക്കൊപ്പം - ഡോ. ദിവ്യ എസ് അയ്യർ IAS"





മുണ്ടേരി ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ മുദ്രാ കിരണം സിവിൽ സർവീസ് പരിശീലന പരിപാടിയുടെ ഭാഗമായി കേരള ഖരമാലിന്യ പരിപാലന പദ്ധതി പ്രൊജക്റ്റ് ഡയരക്ടർ ഡോ. ദിവ്യ എസ് അയ്യർ ഐ എ എസ് കുട്ടികളുമായി സംവദിച്ചു. കുട്ടികളുടെ പല സംശയങ്ങൾക്കും ചോദ്യങ്ങൾക്കും അവർ ഉത്തരം നൽകി. ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളെയും ഓരോ കാലത്തെ പ്രതിസന്ധികളെയും നേരിടാൻ വിദ്യാർത്ഥികൾ തയ്യാറാകണമെന്നും കുട്ടികൾക്ക് നിർദ്ദേശം നൽകി. മുദ്രാവിദ്യാഭ്യാസ സമിതി ചെയർമാൻ കെ കെ രാഗേഷ് അധ്യക്ഷത വഹിച്ചു.

## സംസ്കൃത ദിനം
### ആചരിച്ചു



## സ്കൂൾ സോഷ്യൽ സർവീസ് സ്കീം

സ്കൂൾ സോഷ്യൽ സർവീസ് സ്കീം വിദ്യാർത്ഥികൾക്കുള്ള ജേഴ്സി വിതരണം എച് എം റംലത് ബീവി ടീച്ചർ നിർവ്വഹിച്ചു.



## സ്കൂൾ പാർലമെന്റ് ഇലക്ഷൻ

2025-'26 അധ്യയന വർഷത്തെ സ്കൂൾ പാർലമെന്റ് ഇലക്ഷൻ 2025 ഓഗസ്റ്റ് 14 വ്യാഴാഴ്ച നടന്നു. ജനാധിപത്യ രീതിയിൽ ഇലക്ഷന്റെ എല്ലാ നടപടിക്രമങ്ങളും സ്വീകരിച്ചുകൊണ്ടാണ് ഇലക്ഷൻ നടന്നത്.

# സ്വാതന്ത്ര്യ ദിനാഘോഷം



ജി എച് എസ് എസ് മുണ്ടേരി രാജ്യത്തിന്റെ എഴുപത്തി ഒൻപതാം സ്വാതന്ത്ര്യ ദിനം സമുചിതമായി ആഘോഷിച്ചു. സ്കൂൾ പ്രിൻസിപ്പാൾ എം മനോജ് മാസ്റ്റർ പതാക ഉയർത്തി സ്വാതന്ത്ര്യദിന സന്ദേശം നൽകി. പ്രധാനധ്യാപിക റംലത് ബീവി ടീച്ചർ, രംഗി ടീച്ചർ, സജേഷ് മാസ്റ്റർ, വർഷ ടീച്ചർ തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് വിവിധ സന്നദ്ധ സംഘടനകളുടെയും സോഷ്യൽ സയൻസ് ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യ ദിനവുമായി ബന്ധപ്പെട്ട് വിവിധ ഭാഷാ പ്രസംഗങ്ങൾ, ദേശഭക്തിഗാനങ്ങൾ തുടങ്ങിയ പരിപാടികൾ നടന്നു.

# പാദവാർഷിക മൂല്യനിർണ്ണയം 2025

2025 ഓഗസ്റ്റ് 18 മുതൽ 26 വരെ പാദവാർഷിക പരീക്ഷ നടന്നു.

# മിനി ദിശ

## ഉന്നത വിദ്യാഭ്യാസ പ്രദർശനം സംഘാടക സമിതി രൂപീകരണം



സെപ്റ്റംബർ 26, 27 തിയതികളിൽ മുണ്ടേരി സ്കൂളിൽ നടക്കുന്ന ഹയർ സെക്കണ്ടറി വിഭാഗം സംഘടിപ്പിക്കുന്ന കരിയർ ഗൈഡൻസ് ആൻഡ് അഡോളസെന്റ് കൗൺസിലിങ് സെല്ലിന്റെ നേതൃത്വത്തിലുള്ള 'മിനി ദിശ' വിദ്യാഭ്യാസ പ്രദർശനത്തിന്റെ സംഘാടക സമിതി രൂപീകരണ യോഗം സ്കൂൾ കോൺഫറൻസ് ഹാളിൽ വെച്ച് നടന്നു.

# സ്കൂൾ സോഷ്യൽ സർവീസ് സ്കീം
## ഓണം ക്യാമ്പ്

സ്കൂൾ സോഷ്യൽ സർവീസ് സ്കീം സ്കൂൾതല ഓണം ക്യാമ്പ് ഓഗസ്റ്റ് 27, 28, 29 തിയതികളിൽ നടന്നു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. എ അനിഷ ഉദ്ഘാടനം ചെയ്തു. കുട്ടികൾക്കായി ശാസ്ത്ര സെമിനാർ, ആർട്ട് ആൻഡ് ക്രാഫ്റ്റ് തുടങ്ങി വിവിധ സെഷനുകൾ സംഘടിപ്പിച്ചു.





# ആരവം - എസ് പി സി
## ഓണം ക്യാമ്പ്

എസ് പി സി സ്കൂൾതല ഓണം ക്യാമ്പ് ഓഗസ്റ്റ് 27, 28, 29 തിയതികളിൽ നടന്നു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. എ അനിഷ ഉദ്ഘാടനം ചെയ്തു. കുട്ടികൾക്കായി വിവിധ ബോധവൽക്കരണ ക്ലാസ്സുകളും വിവിധ സെഷനുകൾ സംഘടിപ്പിച്ചു.






# ഓണാഘോഷം '25












ഓഗസ്റ്റ് 29 വെള്ളിയാഴ്ച ഓണാഘോഷം നടന്നു. സൗഹൃദ പൂക്കളം, ഓണക്കളികൾ, വടംവലി, ഓണസദ്യ തുടങ്ങി വിവിധ പരിപാടികളോടെ ആഘോഷം ഗംഭീരമായി.

# അഭിനന്ദനങ്ങൾ



സോഷ്യൽ സയൻസ്
അസോസിയേഷൻ
കണ്ണൂർ നോർത്ത്
സബ്ബ്ജില്ലാതല
സ്വാതന്ത്ര്യസമര
ചരിത്രക്വിസ്
2025
ആഗസ്ത് 7 വ്യാഴാഴ്ച
ഹൈസ്കൂൾ
വിഭാഗം
ഒന്നാം സ്ഥാനം
പാർവണ കെ
GHSS മുണ്ടേരി
അഭിനന്ദനങ്ങൾ




വിദ്യാരംഗം കലാസാഹിത്യവേദി
കണ്ണൂർ നോർത്ത് ഉപജില്ല
സാഹിത്യ സെമിനാർ
രണ്ടാം സ്ഥാനം
നിവേദ്യ ആർ പ്രദീപ് (GHSS MUNDERI)
അഭിനന്ദനങ്ങൾ
GHSS MUNDERI
KANHIRODE, KANNUR




19th ASIAN MEIBUKAN GOJURYU
KARATE CHAMPIONSHIP 2025
@ COYAMBATHOOR, THAMILNADU
KATA COMPETITION
THIRD PRIZE
VYGA P. K
X std C
GHSS MUNDERI
Congratulations!
GOVT. HIGHER SECONDARY SCHOOL MUNDERI




GHSS MUNDERI
SANSKRIT CLUB
രാമായണ മാസാചരണം
QUIZ COMPETITION
Winners
FIRST
SREENAND M V - 9B
SECOND
THIRD
Congratulations
संस्कृतछात्रसमिति




GHSS MUNDERI
MATHEMATICS CLUB
MATHS QUIZ
WINNERS
First
Second
ADHEENA JASWANTH
10C
AMEEN ARSHAD
9C
Congratulations